**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 747** **14-01-2021 - ൽ മറുപടിയ്ക്ക്**

**സമഗ്ര കോളനി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജി ചെറിയാൻ** | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | സമഗ്ര കോളനി വികസനത്തിന് സംസ്ഥാനത്ത് എത്ര കോളനികളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായുള്ള അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം 248 കോളനികളും, 2018-19 സാമ്പത്തിക വർഷം 80 കോളനികളും (പ്രളയാനന്തര കോളനികളുടെ പുനഃനിർമ്മാണം), 2019-20 സാമ്പത്തിക വർഷം 90 കോളനികളും, 2020-21 സാമ്പത്തിക വർഷം നാളിതുവരെയായി 9 കോളനികളെയും തെരഞ്ഞെടുത്തിട്ടുണ്ട്. സമഗ്ര കോളനി വികസനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ 2017-18 വർഷം 101 കോളനികളെ തെരഞ്ഞെടുക്കുകയും ആയതിൽ 7 കോളനികൾ ഫീസിബിൾ അല്ലാത്തതിനാൽ പദ്ധതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്തിരുന്നു. ബാക്കി 94 കോളനികളിൽ പദ്ധതി നടപ്പിലാക്കി വരുന്നു. 2020-21 സാമ്പത്തിക വർഷം ടി പദ്ധതിയിൽ 62 പട്ടികവർഗ്ഗ കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ചെങ്ങന്നൂർ മണ്ഡലത്തിൽ ഏറ്റെടുത്തിട്ടുള്ള കോളനി വികസന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്താക്കാമോ; | (ബി) | അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ചെങ്ങന്നൂർ മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളൊന്നും തെരഞ്ഞെടുത്തിട്ടില്ല. അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തിയ പട്ടികജാതി കോളനികളുടെ വിശദാംശം ചുവടെ ചേർക്കുന്നു. 2016-17 1. മണ്ണാറത്തറ കോളനി 2. ചെറുമിക്കാട് കോളനി 2018-19 (പ്രളയാനന്തര കോളനികളുടെ പുനഃനിർമ്മാണം) 1. പ്രവട്ടക്കര കോളനി 2. ചാത്തമേൽകുറ്റി കോളനി 3. ചെല്ലപൃഞ്ചയിൽ കോളനി 4. പൂപ്പറത്തിൽ കോളനി 5. കിഴക്കേഞ്ഞരുത്തി കോളനി 6. മാവേലിത്തറ കോളനി |

| | | | |
|---|---|---|---|
| | | | 7. ചിത്തിരപുരം കാരിക്കുഴി കോളനി 8. പ്ലാക്കത്തറ കോളനി 9. പേരിശ്ശേരി കോളനി 10. കൊല്ലത്തറ കോളനി 2019-20 1. കിണറുവിള കോളനി |
| (സി) | ചെങ്ങന്നൂരിലെ പ്രവൃത്തികൾ ഏൽപ്പിച്ചിട്ടുള്ള നിർമ്മാണ ഏജൻസി ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | ജില്ലാ നിർമ്മിതി കേന്ദ്രം, ആലപ്പുഴ |
| (ഡി) | കോളനി തലത്തിലുള്ള നിർമ്മാണപുരോഗതി വിവരിക്കാമോ? | (ഡി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ